ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ജനുവരി 24, 2018

**നവോദയ അർബൻ സഹകരണ ബാങ്കിനു(നാഗ്പുർ , മഹാരാഷ്ട്ര )മേൽ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷൻസ് 2018 ജൂലൈ 15 വരെ ദീർഘിപ്പിച്ചിരിയ്ക്കുന്നു.**

നവോദയ അർബൻ സഹകരണ ബാങ്കിനു(നാഗ്പുർ, മഹാരാഷ്ട്ര)മേൽ റിസർവ് ബാങ്ക് നേരത്തെ പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഈ ഡയറക്ഷൻസ് 2018 ജൂലൈ 15 വരെ, പുനരവലോകനത്തിനു വിധേയമായി, പ്രാബല്യത്തിലുണ്ടായിരിക്കും.

ബാങ്കിംഗ് റഗുലേഷൻ നിയമം 1949 ലെ വകുപ്പ് 35എ) പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ഈ ഡയറക്ഷൻ പുറപ്പെടുവിച്ചത്. ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് ഡയറക്ഷൻ പുറപ്പെടുവിച്ചത് ബാങ്കിന്റെ ലൈസൻസ് റദ്ദാക്കുവാനാണെന്നു വ്യാഖ്യാനിയ്ക്കേണ്ടതില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നത് വരെ നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഇടപാടുകൾ നടത്തുന്നതായിരിയ്ക്കും. സാഹചര്യങ്ങൾക്കനുസരിച്ച് ഡയറക്ടീവിൽ മാറ്റങ്ങൾ വരുത്തുന്നകാര്യം ഭാരതീയ റിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2017-2018/2028